(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശങ്ങളിലും ജോലി ചെയ്യുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ ക്കാരായ സബ് എഞ്ചിനീയർമാർക്ക് ഈവനിംഗ് ക്ലാസിലോ റെഗുലർ ക്ലാസിലോ ഡിഗ്രിക്ക് ചേരുന്നതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്ന് പറയുമോ; ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ ഓരോ വർഷവും തിരുവനന്തപുരം സിറ്റിയിലും പരിസര പ്രദേശത്തുമുള്ള എത്ര ഇലക്ട്രിക്കൽ സബ് എഞ്ചിനീയർമാർക്ക് വീതം ഇത്തരത്തിൽ പഠിക്കുന്നതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകി; വിശദാംശം നൽകുമോ;

(സി) ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് നൽകപ്പെട്ടവരിൽ സബ് എഞ്ചിനീയർ പോസ്റ്റിലുള്ളവരുടെ സീനിയോറിറ്റിയും ആകെ സർവ്വീസ് ദൈർഘ്യവും അവർ സർവ്വീസിൽ ചേർന്ന തീയതിയും കാണിക്കുന്ന സ്റ്റേറ്റുമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സബ് എഞ്ചിനീയർ കേഡറിലുള്ള സീനിയോറിറ്റി പരിഗണിച്ചാണോ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയത്; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) പാർട്ട് ടൈം കോഴ്സിന് ചേരുന്നതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കാറുണ്ട്.

(ബി) മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള ബോർഡുത്തരവ് [B.O. (FB) No. 668/2004 (Estt. IV/10015/03) dated Tvpm. 15-3-2-2004] അനുബന്ധം I† ആയി ചേർത്തിരിക്കുന്നു. 2000-01 മുതൽ 2003-04 വരെ അപേക്ഷിച്ചവർക്കെല്ലാം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 2004-05-ൽ തിരുവനന്തപുരത്തുള്ള ഒരു സബ് എഞ്ചിനീയർക്കു മാത്രമേ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളൂ. 2005-06-ൽ തിരുവനന്തപുരം സിറ്റിയിലും പരിസര പ്രദേശത്തുമുള്ള 4 പേർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.†

(ഡി) അല്ല. മൊത്തം ബോർഡ് സർവ്വീസ് പരിഗണിച്ചാണ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയത്.

വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകർ

42 [340] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര സർക്കിളിന്റെ പരിധിയിൽ വരുന്ന അഞ്ചൽ, കുളത്തുപ്പുഴ, വാളകം, ആയൂർ, പുനലൂർ, വിളക്കുടി എന്നീ സെക്ഷൻ ആഫീസുകളിലായി പോസ്റ്റ് വേണ്ടാത്ത എത്ര അപേക്ഷകർക്കും പോസ്റ്റു വേണ്ടുന്ന എത്ര അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999 ജനുവരി മുതൽ 2005 ഡിസംബർ 31 വരെ ഉള്ള ഓരോ വർഷത്തേയും സെക്ഷൻ തിരിച്ച് കണക്ഷൻ നൽകുവാനുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പോസ്റ്റ് ആവശ്യമില്ലാത്ത/ആവശ്യമുള്ള വൈദ്യുതി ലഭിക്കേണ്ട അപേക്ഷകരുടെ വിവരം താഴെ കൊടുക്കുന്നു:

സെക്ഷൻ ഓഫീസിന്റെ പേര്	ബാക്കിയുള്ള അപേക്ഷകൾ	
	പോസ്റ്റ് ആവശ്യമില്ലാത്തവ	പോസ്റ്റ് ആവശ്യമില്ലാത്തവ
അഞ്ചൽ	106	1109
കുളത്തുപ്പുഴ	21	196
വാളകം	-	457
ആയൂർ	-	464
പുനലൂർ	95	427
വിളക്കുടി	81	675

(ബി) 2005 ഡിസംബർ 31 വരെ അപേക്ഷിച്ച, പോസ്റ്റ് വേണ്ടാത്ത എല്ലാ കണക്ഷനുകളും നൽകിക്കഴിഞ്ഞു. പോസ്റ്റ് വേണ്ടുന്ന കണക്ഷൻ നൽകുവാനുള്ളവയുടെ വർഷം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

	പോസ്റ്റ് വേണ്ടുന്ന കണക്ഷനുകൾ					
	അഞ്ചൽ	കുളത്തുപ്പുഴ	വാളകം	ആയൂർ	പുനലൂർ	വിളക്കുടി
6/00-12/00	27	-	-	43	-	6
1/01-12/01	139	-	86	75	-	75
1/02-12/02	55	-	56	42	19	31
1/03-12/03	87	19	42	40	16	23
1/04-12/04	523	74	138	130	201	394
1/05-12/05	278	103	155	134	191	146
ആകെ	1109	196	457	464	427	675

(341)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly